## പതിമൂന്നാം കേരള നിയമസഭ

## നാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം : 195 — 5.3.2012 ൽ മറുപടിയ്ക്ക്

### മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്ന് സഹായം അനുവദിക്കുന്നതിലെ മാനദണ്ഡം

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ. കെ. നാരായണൻ : | | ശ്രീ. ഉമ്മൻ ചാണ്ടി<br>(ബഹു. മുഖ്യമന്ത്രി) | |
| (എ) | ഈ സർക്കാർ അധികാരത്തിൽ വരുമ്പോൾ മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ ഉണ്ടായിരുന്ന തുക എത്രയായിരുന്നു ; | (എ) | ഈ സർക്കാർ അധികാരത്തിൽ വരുമ്പോൾ മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയുടെ മുഖ്യ അക്കൗണ്ടിൽ 5,04,37,664/- രൂപ (അഞ്ച് കോടി നാല് ലക്ഷത്തി മുപ്പത്തി ഏഴായിരത്തി അറുന്നൂറ്റി അറുപത്തി നാല് രൂപ) ഉണ്ടായിരുന്നു. |
| (ബി) | മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും മുഖ്യമന്ത്രിയുടെ ജനസമ്പർക്ക പരിപാടിയുടെ ഭാഗമായി ഒരോ ജില്ലയിലും എത്ര പേർക്ക് എന്ത് തുക നല്കുകയുണ്ടായി ; | (ബി) | ജില്ല തിരിച്ചുള്ള കണക്ക് അനുബന്ധമായി ചേർത്തിരിക്കുന്നു. |
| (സി) | സർക്കാരിന്റെ സ്ഥിരം സംവിധാനം വഴി മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും ഇതിനകം മൊത്തം എന്തു തുക എത്ര പേർക്ക് നലകുകയുണ്ടായി ; | (സി) | സർക്കാരിന്റെ സ്ഥിരം സംവിധാനം വഴി മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും ഇതിനകം ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം 33,88,16,510/- (മുപ്പത്തി മൂന്ന് കോടി എൺപത്തി എട്ട് ലക്ഷത്തി പതിനാറായിരത്തി അഞ്ഞൂറ്റി പത്ത് രൂപ) അനുവദിച്ചിട്ടുണ്ട്. |
| (ഡി) | മുഖ്യമന്ത്രിക്കു ലഭിക്കുന്ന അപേക്ഷകൾ പരിഗണിച്ച് ദുരിതാശ്വാസ നിധിയിൽ നിന്നും സഹായം അനുവദിക്കുന്നതിന് എന്തെങ്കിലും മാനദണ്ഡം അനുവർത്തിക്കുന്നുണ്ടോ ; വിശദമാക്കുമോ ; | (ഡി) | മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും സഹായം അനുവദിക്കുന്നതിന് താഴെ പറയുന്ന മാനദണ്ഡങ്ങൾ അനുവർത്തിക്കുന്നു.<br>1) ചികിത്സാ സഹായം, അപകടമരണം, തീപിടിത്തം എന്നിവയ്ക്കാണ് മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്ന് ധനസഹായം അനുവദിക്കുന്നത്. |

2) അപേക്ഷന്റെ കുടുംബ വാർഷിക വരുമാനം 20,000 രൂപയിൽ താഴെയായിരിക്കണം.
3) ഒരു വ്യക്തിക്ക് സാധാരണ ഒരു തവണ മാത്രമേ മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും ധനസഹായം ലഭിക്കുകയുള്ളൂ.
4) ക്യാൻസർ, ഹൃദ്രോഗം, വൃക്കരോഗം തുടങ്ങിയ ഗുരുതര രോഗങ്ങൾക്ക് പ്രത്യേക സാഹചര്യം പരിഗണിച്ച് ധന സഹായം ലഭിച്ച് രണ്ട് വർഷത്തിനു ശേഷം വീണ്ടും ധനസഹായത്തിന് അപേക്ഷിക്കാവുന്നതാണ്.

| | | | |
|---|---|---|---|
| (ഇ) | ദുരിതാശ്വാസ നിധിയിൽ എന്തെല്ലാം നിലയിലാണ് പണം വരുന്നതെന്ന് വ്യക്തമാക്കാമോ ; | (ഇ) | വ്യക്തികളിൽ നിന്നും, സ്ഥാപനങ്ങളിൽ നിന്നും, സർക്കാർ ജീവനക്കാരിൽ നിന്നും, ഖജനാവിൽ നിന്നുമുള്ള സംഭാവനകളും വഴിയാണ് മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിലേക്ക് പണം സ്വരൂപിക്കുന്നത്. |
| (എഫ്) | ഇപ്പോൾ ദുരിതാശ്വാസ നിധിയിൽ എന്തു തുക നീക്കിയിരിപ്പുണ്ട് ; | (എഫ്) | മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിലവിൽ (01.03.2012 ൽ) 23,048/- രൂപ (ഇരുപത്തി മൂവായിരത്തി നാല്പ്പത്തി എട്ട് രൂപ) നീക്കിയിരിപ്പുണ്ട്. |
| (ജി) | മുഖ്യമന്ത്രി ഉത്തരവിട്ടതു വഴി ദുരിതാശ്വാസ നിധിയിൽ നിന്ന് തുക അനുവദിച്ച എത്ര പേർക്ക് മൊത്തം എന്തു തുക ഇനിയും ലഭിക്കാനായി ബാക്കിയുണ്ട് ? | (ജി) | സഹായം അനുവദിച്ചു കൊണ്ടുള്ള ഉത്തരവ് കളക്ടറേറ്റുകളിൽ ലഭ്യമാകുന്ന മുറയ്ക്ക്, ഫണ്ടിന്റെ ലഭ്യതയനുസരിച്ച് തുക വിതരണം നടത്തി കൊണ്ടിരിക്കുന്നു. |

Vaijayanthi

സെക്ഷൻ ഓഫീസർ.

# അനുബന്ധം

| ക്രമ നം. | ജില്ല | എത്ര പേർക്ക് | എന്തു തുക |
|---|---|---|---|
| 1 | തിരുവനന്തപുരം | 1531 | 76,54,500 |
| 2 | കൊല്ലം | 3611 | 1,15,48,500 |
| 3 | ആലപ്പുഴ | 5497 | 2,81,17,500 |
| 4 | കോട്ടയം | 5454 | 2,07,97,000 |
| 5 | എറണാകുളം | 1007 | 51,37,000 |
| 6 | പാലക്കാട് | 3982 | 1,35,33,500 |
| 7 | കോഴിക്കോട് | 398 | 30,47,350 |
| 8 | മലപ്പുറം | 2746 | 1,02,19,000 |
| 9 | വയനാട് | 1981 | 71,80,000 |
| 10 | കണ്ണൂർ | 2502 | 1,41,12,000 |
| 11 | കാസർഗോഡ് | 2259 | 70,51,250 |
| 12 | തൃശ്ശൂർ | 3124 | 89,26,500 |
| 13 | പത്തനംതിട്ട | 3758 | 1,70,00,000 |
| 14 | ഇടുക്കി | 6532 | 3,16,64,000 |

സെക്ഷൻ ഓഫീസർ.